## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 180 | 22.03.2012-ൽ മറുപടിയ്ക്ക്

**<u>സദാചാരപോലീസ്</u>**

ചോദ്യം

ശ്രീമതി.ജമീലാ പ്രകാശം

(എ) "സദാചാരപോലീസ് "എന്ന പേരിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് എത്ര പരാതികളാണ് സർക്കാരിനു ലഭിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പരാതികളിന്മേൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിശദാംശങ്ങളും അന്വേഷണപുരോഗതിയും എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ശ്രീ.ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

(എ) (ബി) & (സി) ഈ വിഷയത്തിൽ അഞ്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ തിരുവനന്തപുരം ജില്ലയിലെ വലിയതുറ പോലീസ് സ്റ്റേഷനിൽ ക്രൈം നം.966/2011 u/s 294(b), 341, 323, 509 & 34 IPC പ്രകാരവും, കൊച്ചി സിറ്റി ജില്ലയിലെ തൃക്കാക്കര പോലീസ് സ്റ്റേഷനിൽ ക്രൈം നം.1100/2011 u/s 341, 294(b), 323, 354 IPC പ്രകാരവും എറണാകുളം റൂറൽ ജില്ലയിലെ പെരുമ്പാവൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം.1652/2011 u/s 302, 34 IPC പ്രകാരവും തൃശ്ശൂർ റൂറൽ ജില്ലയിൽ മതിലകം പോലീസ് സ്റ്റേഷനിൽ ക്രൈം നം.591/12 u/s 364 IPC പ്രകാരവും വയനാട് ജില്ലയിലെ കമ്പളക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം നം.315/11 u/s 174 CrPc & 306, 323, 324 r/w 34 IPC & sec.3(1) III 3(1) X 3 (2) IV of SC/ST Prevention of Atrocities Act പ്രകാരവും ഓരോ കേസുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വലിയതുറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിലെ 4 പ്രതികളെ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. തൃക്കാക്കര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിലെ 3 പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ കേസ് ഇപ്പോൾ കോടതിയിൽ വിചാരണയിലാണ്. പെരുമ്പാവൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിലെ 2 പ്രതികളെ അറസ്റ്റ് ചെയ്ത് കുറ്റപത്രം തയ്യാറാക്കി പ്രോസിക്യൂഷൻ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഒരാളെ അറസ്റ്റ് ചെയ്യുവാനുള്ള അന്വേഷണം തുടർന്നു വരുന്നു. മതിലകം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേസ് അന്വേഷണാവസ്ഥയിലാണ്. കമ്പളക്കാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിലെ പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് വിചാരണയിലാണ്.